**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1135** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ചിത്താരി റെഗുലേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതിന് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മാണം എന്ന പദ്ധതി NABARD RIDF ട്രാൻച് XXVIII -ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 33.28 കോടിയുടെ വിശദമായ പദ്ധതി റിപ്പോർട്ട്, നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി NABARD ന്റെ നിർദ്ദേശ പ്രകാരം പ്രൊവിഷണൽ സാങ്കേതിക അനുമതി നൽകിയിട്ടുള്ളതാണ്. കാസറഗോഡ് ജില്ലയിലെ ചിത്താരി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും അജാനൂർ, പള്ളിക്കര പഞ്ചായത്തുകളിലെ കൃഷിസ്ഥലത്ത് ജലസേചനത്തിനും വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ. നിലവിലുള്ള ഉപയോഗശൂന്യമായ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 270മീ. മുകൾഭാഗത്തായിട്ടാണ് പുതിയ റെഗുലേറ്റർ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പദ്ധതി പൂർത്തിയായാൽ കിഴക്കേക്കര, പൂച്ചക്കാട്, മുക്കൂട്, ചിത്താരി തുടങ്ങിയ പ്രദേശങ്ങളിലെ 1095 ഹെക്ടറോളം സ്ഥലത്തെ കൃഷിക്ക് ഉപകാരപ്പെടും. ഏകദേശം 865 ഉണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. കൂടാതെ നിർദ്ദിഷ്ട കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്നതിനാൽ ബോട്ടുകൾ കടന്നുപോകാനുള്ള ലോക്കോട്ടു കൂടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ടൂറിസത്തിന്റെ വികസനത്തിനും പദ്ധതി പ്രയോജനപ്പെടും. |
| (ബി) | പ്രസ്തുത ഡി.പി.ആർ. പ്രകാരം എത്ര തുകയാണ് നിർമ്മാണത്തിന് വേണ്ടി വരുന്നത്; ഡി.പി.ആർ. തയ്യാറാക്കിയതിൽ എന്തെങ്കിലും പ്രത്യേകതയുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിൽ ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മാണം എന്ന പദ്ധതി NABARD RIDF ട്രാൻച് XXVIII -ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 33.28 കോടിയുടെ വിശദമായ പദ്ധതി റിപ്പോർട്ട്, നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി |

| | | | | |
|---|---|---|---|---|
| | | | | NABARD ന്റെ നിർദ്ദേശ പ്രകാരം പ്രൊവിഷണൽ സാങ്കേതിക അനുമതി നൽകിയിട്ടുള്ളതാണ്. കാസറഗോഡ് ജില്ലയിലെ ചിത്താരി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും അജാനൂർ, പള്ളിക്കര പഞ്ചായത്തുകളിലെ കൃഷിസ്ഥലത്ത് ജലസേചനത്തിനും വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ. നിലവിലുള്ള ഉപയോഗശൂന്യമായ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 270മീ. മുകൾഭാഗത്തായിട്ടാണ് പുതിയ റെഗുലേറ്റർ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പദ്ധതി പൂർത്തിയായാൽ കിഴക്കേക്കര, പൂച്ചക്കാട്, മുക്കൂട്, ചിത്താരി തുടങ്ങിയ പ്രദേശങ്ങളിലെ 1095 ഹെക്ടറോളം സ്ഥലത്തെ കൃഷിക്ക് ഉപകാരപ്പെടും. ഏകദേശം 865 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. കൂടാതെ നിർദ്ദിഷ്ട കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്നതിനാൽ ബോട്ടുകൾ കടന്നുപോകാനുള്ള ലോക്കോട്ടു കൂടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ടൂറിസത്തിന്റെ വികസനത്തിനും പദ്ധതി പ്രയോജനപ്പെടും. |

സെക്ഷൻ ഓഫീസർ